പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2259 — 08/07/2015 ൽ മറുപടിക്ക്

## കാസർകോട് ജില്ലയിൽ ഡയാലിസിസിന് സൗകര്യം

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർകോട് ജില്ലയിൽ വൃക്ക രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ജില്ലയിൽ നിലവിൽ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യമുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | കാസർഗോഡ് ജനറൽ ആശുപത്രിയിലാണ് നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. |
| (സി) | രോഗികളുടെ വർദ്ധനവും സൗകര്യവും പരിഗണിച്ച് സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കാരുണ്യാ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിൽ ടി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് സമർപ്പിച്ചിട്ടുണ്ട്. നീലേശ്വരം താലൂക്കാശുപത്രിയിൽ സ്ഥലസൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ 2015-16 സാമ്പത്തികവർഷം മുതൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഡി) | ഇല്ല. അത് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. നിലവിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കാരുണ്യാ ഫണ്ടിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ